# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3523** **12.05.2017-ൽ മറുപടിയ്ക്ക്**

**ഇടക്കൊച്ചി ഫിഷ് ഫാം നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഇടക്കൊച്ചിയിലെ ഫിഷ് ഫാം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | എ) പ്രതികൂലമായ കാലാവസ്ഥ മൂലം ജലനിരപ്പ് ഉയർന്നതിനാലും, പദ്ധതി കാലയളവിൽ പല പ്രാവശ്യം ക്വാറി സമരം കാരണം നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടായതിനാലും, നോട്ട് നിരോധനം മൂലം തൊഴിലാളികളുടെ ലഭ്യതയിലു ണ്ടായ കുറവ് മൂലവും ഇടക്കൊച്ചി ഫിഷ്ഫാം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ടു. |
| ബി) കരാർ പ്രകാരം ഇതിന്റെ പ്രവർത്തന കാലാവധി എന്നാണ് പൂർത്തിയാകുന്നത്; | ബി) പദ്ധതി രണ്ട് ഘട്ടമായിട്ടാണ് നിർമ്മാണം നടത്തി വരുന്നത്. കരാർ പ്രകാരം ഒന്നാം ഘട്ടം പ്രവർത്തനങ്ങൾ 29/09/2016 ലും ര ണ്ടാം ഘട്ടം പ്രവർത്തനങ്ങൾ 21/03/2017 ലുമാണ് പൂർത്തീകരി ക്കേ ണ്ടിയിരുന്നത്. |
| സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | സി) പദ്ധതിയുടെ ഒന്നാംഘട്ടം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ര ണ്ടാം ഘട്ടം പ്രവർത്തനങ്ങൾ 2017- ഓഗസ്റ്റോടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) ഇടക്കൊച്ചി ഫിഷ് ഫാമിനെ അക്വാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | ഡി) ഇടക്കൊച്ചി ഫിഷ് ഫാമിനെ അക്വാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിലവിൽ നിവേദനം ലഭ്യമായതായി കാണുന്നില്ല. |

**സെക്ഷൻ ആഫീസർ**